**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **07-12-2022 - ൽ മറുപടിയ്ക്ക്**

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കർഷകരുടെ ഉന്നമനത്തിനും മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ താല്പര്യം വളർത്തുന്നതിനും മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നു. നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകുപ്പിന്റെ പദ്ധതി വിഹിതമായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിൽ ഒന്നുവച്ച് 14 മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങളാണ് നടപ്പിലാക്കുന്നത്. ഒരു മാതൃകാ മൃഗസംരക്ഷണ ഗ്രാമത്തിന് വകുപ്പിന്റെ ധന സഹായമായി 5 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നൽകും. പ്രാദേശിക അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്ന പ്രോജക്ടുകൾക്ക് ജില്ലാടിസ്ഥാനത്തിൽ അംഗീകാരം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാദേശികമായി സൃഷ്ടിക്കുന്ന മൃഗസംരക്ഷണ മാതൃകകൾ വഴി കർഷക ക്ഷേമവും അതിലൂടെ മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പാദനം ഊർജിതപ്പെടുത്തുന്നതിനും സാധിക്കുന്നു. |
| (ബി) | ഈ പദ്ധതി പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ